**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2712** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ഐ. സി. ബാലകൃഷ്ണൻ</th><th colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് എന്നാണ് നിലവിൽ വന്നത്;</td><td>(എ)</td><td>2022 ഒക്ടോബർ 6-ാം തീയതി വിജ്ഞാപനം ചെയ്ത കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 പ്രകാരം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് നിലവിൽ വന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ബോർഡിന്റെ ചെയർപേഴ്സനായി ആരെയാണ് നിയമിച്ചിട്ടുള്ളത്;</td><td>(ബി)</td><td>ഡോ.വി പി ജോയ്, ഐ.എ.എസ് (റിട്ട.) ആണ് നിലവിൽ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചെയർപേഴ്സൺ.</td></tr>
<tr><td>(സി)</td><td>ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട് ; അവരുടെ നിയമനം ഏത് രീതിയിലായിരുന്നു എന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>നിലവിൽ 10 ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. ആയതിൽ ഏഴ് ജീവനക്കാരെ അന്യത്ര സേവന വ്യവസ്ഥയിലും രണ്ടുപേരെ കരാർ വ്യവസ്ഥയിലും ഒരാളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നിയമിച്ചിട്ടുള്ളത്.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത ബോർഡിന്റെ പ്രതിമാസ ചെലവ് ഇനം തിരിച്ച് നൽകാമോ;</td><td>(ഡി)</td><td>
<table>
<tr><th>മാസം</th><th>ശമ്പള ഇനം</th><th>ശമ്പളേതര ഇനം</th></tr>
<tr><td>ഓഗസ്റ്റ് 2023</td><td>130339</td><td>-</td></tr>
<tr><td>സെപ്റ്റംബർ 2023</td><td>-</td><td>-</td></tr>
<tr><td>ഒക്ടോബർ 2023</td><td>2639201</td><td>-</td></tr>
<tr><td>നവംബർ 2023</td><td>1195531</td><td>146489</td></tr>
<tr><td>ഡിസംബർ 2023</td><td>1877826</td><td>78918</td></tr>
<tr><td>ജനുവരി 2024</td><td>1783432</td><td>46282</td></tr>
<tr><td>ഫെബ്രുവരി 2024</td><td>1828851</td><td>-</td></tr>
<tr><td>ആകെ</td><td>9455180</td><td>271689</td></tr>
</table>
</td></tr>
<tr><td>(ഇ)</td><td>പ്രസ്തുത ബോർഡ് നിലവിൽ വന്ന ശേഷം ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് ആരെയൊക്കെ റിക്രൂട്ട് ചെയ്തു എന്ന് വ്യക്തമാക്കാമോ?</td><td>(ഇ)</td><td>കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ലഭ്യമാക്കിയിട്ടുള്ള സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രകാരം 6 പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചിട്ടുണ്ട്.
<table>
<tr><th>പൊതുമേഖലാ സ്ഥാപനം</th><th>മാനേജിംഗ് ഡയറക്ടർ</th></tr>
</table>
</td></tr>
</table>

| | |
|---|---|
| കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീ. രഞ്ജിത്ത ലാൽ.പി |
| കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | ശ്രീ. രാജീവ് വി.എസ് |
| കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീ. സുകുമാര് അരുണാചലം |
| കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | ശ്രീ. പ്രദീപ കുമാർ. പി |
| കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | ശ്രീ. ശ്രീകുമാര് നായർ |
| ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | ശ്രീ. രാജീവ രാമകൃഷ്ണൻ |

ഇത് കൂടാതെ 13 പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള മാനേജിംഗ് ഡയറക്ടർമാരുടെ സെലക്ഷൻ/നിയമന നടപടികൾ നടന്നുവരുന്നു. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ മറ്റ് 11 തസ്തികകളിലേയ്ക്കുള്ള സെലക്ഷൻ നടപടികളും പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ